**QP CODE** **Enrollment Number: ………………..**

**H2037** **Name: ………………………………..**

**MA DEGREE EXAMINATIONS, FEBRUARY 2026**
**Fourth Semester**
**M.A. Malayalam Language and Literature**
**M21ML05DE – ദലിത് സാഹിത്യം**
**(2023 July admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. അധഃകൃത ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി അയ്യങ്കാളി നടത്തിയ പോരാട്ടങ്ങൾ ചുരുക്കി വിവരിക്കുക.
2. 'ദലിത് ' എന്ന പദത്തിന്റെ നാനാർത്ഥങ്ങൾ വിശദമാക്കുക.
3. ദലിത് പാന്തർ പ്രസ്ഥാനം- കുറിപ്പെഴുതുക.
4. 'ഘാതകവധം' എന്ന തലക്കെട്ടിന്റെ ഔചിത്യമെന്ത്?
5. ദലിത് സൗന്ദര്യശാസ്ത്രം എന്ന സംജ്ഞ വിശദീകരിക്കുക.
6. ബ്ലാക്ക് ലിറ്ററേച്ചർ (black literature) എന്ന പദം എന്തിനെ സൂചിപ്പിക്കുന്നു?
7. 'ഞാൻ എന്തുകൊണ്ട് ഹിന്ദുവല്ല' എന്ന കൃതിക്ക് ദലിത് സാഹിത്യവിമർശനത്തിലുള്ള സ്ഥാനമെന്ത്?
8. "എന്റെ കുടിലിൽ എന്റെ പരമ്പരയുടെ ദുരിതമുണ്ട്, അവരുടെ നിലവിളിയുണ്ട്. അവയ്ക്ക് മുകളിൽ ഞാൻ മറ്റൊരു പാരമ്പര്യത്തെ സ്ഥാപിക്കില്ല"- സന്ദർഭമേത്?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. 'കാണുന്നീലോരക്ഷരവും എന്റെ വംശത്തെപ്പറ്റി' എന്ന് പൊയ്കയിൽ അപ്പച്ചൻ പാടിയത് സമകാലത്തും പ്രസക്തമാണ് - പരിശോധിക്കുക.

10. 'ടി.കെ.സി. വടുതലയുടെ 'ചങ്ങലകൾ നുറുങ്ങുന്നു' എന്ന നോവൽ ദലിതവസ്ഥയുടെ നേർക്കാഴ്ചയായി മാറുന്നുണ്ടോ'- പരിശോധിക്കുക.

11. ദലിത് ജീവിതത്തിന്റെ ദുരവസ്ഥ 'തോട്ടിയുടെ മകൻ' എന്ന നോവലിൽ എപ്രകാരം ചിത്രീകരിക്കപ്പെടുന്നു?

12. ദലിത് സാഹിത്യവും ആദിവാസിസാഹിത്യവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

13. ഉറഞ്ഞുതുള്ളുന്ന കുറത്തി കരനാഥൻമാരോട് ചോദിക്കുന്ന ചോദ്യങ്ങളുടെ പ്രസക്തിയെന്ത്?

14. 'പുലയപ്പാട്ട് 'എന്ന കൃതിക്ക് ദലിത് സാഹിത്യത്തിലുള്ള സ്ഥാനമെന്ത്?

15. 'എരി' എന്ന നോവലിൽ മിത്ത് എപ്രകാരം പ്രവർത്തിക്കുന്നു?

16. ദലിത് ഭാഷയുടെ സവിശേഷതകൾ വിവരിക്കുക.

17. കൊളോണിയൽ ആധുനികതാനിർമ്മിതിയിലും മലയാളിയുടെ പുതിയ സാമൂഹിക സ്വത്വനിർമ്മിതിയിലും 'ഘാതകവധം' വഹിച്ച പങ്കെന്ത്?

18. ദലിത് എന്ന പദത്തിന്റെ വ്യാപ്തി ചർച്ച ചെയ്യുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ദലിത് സാഹിത്യം പ്രതിരോധത്തിന്റെയും വിമോചനത്തിന്റെയും ആഖ്യാനങ്ങൾ എന്ന നിലയിൽ പരിഗണിക്കാമോ?- പരിശോധിക്കുക.

20. 'സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് കേരളീയ ദലിതവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ?'- വിമർശനാത്മകമായി പരിശോധിക്കുക.

21. "ചങ്ങലകൾ നുറുങ്ങുന്നു"എന്ന നോവൽ ചർച്ച ചെയ്യുന്ന ദലിത് ആഖ്യാനങ്ങൾ എന്തെല്ലാം?

22. ആദ്യകാല ദലിത് നോവലുകളുടെ സവിശേഷതകളെക്കുറിച്ച് പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

**(15X2=30)**